**GAZETTE DATE : 30.10.2025**
**LAST DATE : 03.12.2025**

# CATEGORY NO: 420/2025

Applications are invited online only from qualified candidates for Selection to the under mentioned post in Kerala Government Service. Applications must be submitted online only through the official website of the Kerala Public Service Commission (www.keralapsc.gov.in) after 'ONE TIME REGISTRATION'. Candidates who have already registered can apply through their profile. Candidates who have aadhaar card should add the same as ID proof in their profile.

1. **Department** : **Prisons and Correctional Services**

2. **Name of Post** : **Assistant Prison Officer**

3. **Scale of Pay** : **₹ 27,900 – 63,700/-**

4. **Number of vacancies** : **Anticipated - Statewide**

*Note:-* (i) *Differently abled candidates and female candidates are not eligible to apply for the post.*

(ii) *The name of the post, qualification and related conditions for selection is notified as per the provisions included in G.O. (P) No. 89/2014/Home dated 06.05.2014, G.O.(P) No. 266/2010/Home dated 09.12.2010 and G.O(P)No.337/2012/Home dtd.28.12.2012*

(iii) *The Ranked List prepared and published by the Commission shall remain in force for a minimum period of one year, subject to the condition that the said list will continue to be in force till the publication of a new Ranked List after the expiry of the minimum period of one year or till the expiry of three years whichever is earlier. Candidates will be advised for appointment against the vacancies listed above and that may be reported to the Commission in writing during the period of currency of the list.*

(iv) *Every person appointed to the post shall from the date on which he joins duty be on probation for a total period of two years on duty within a continuous period of three years. They shall undergo in-service training within the period of probation as prescribed by the Head of Department. They shall pass Kerala Jail Subordinate Officers test within the period of probation unless they have already passed the test. Statewide Seniority will be maintained on the warder establishment for the purpose of promotion to other categories.*

5. **Method of appointment** : **Direct Recruitment (State wide)**

6. **Age limit** : **18-36;** Candidates born between 02.01.1989 and 01.01.2007 are eligible to apply for this post (both dates included).

   **Note:** (i) Other Backward Communities and SC/ST candidates are eligible for age relaxations as per the conditions mentioned in para 2 (1) of the Part II of General Conditions of this notification.
   (ii) For concessions allowed in upper age limit, subject to the condition that the maximum age limit shall in no case exceed 50 years, please see para (2) of the General Conditions except para2(i) under Part II of this Notification.

7. **Qualifications:-** (a) <u>**Educational Qualifications**</u>

Pass in SSLC or its equivalent qualification

**Note:**

i) Rule 10(a)(ii) of Part II of the KS & SSR is applicable

ii) In addition to the qualification prescribed in the notification the qualifications recognized by Executive orders or standing orders of Government as equivalent to a qualification specified for a post and such of those qualifications which pre suppose the acquisition of the lower qualifications prescribed for the post shall also be sufficient for the post. The Government orders declaring equivalent/ higher qualification shall be produced as and when called for by the commission.

(b) <u>**Physical Fitness:**</u>

(i) Must have at least 165 cms height and must be minimum 81.3 cms round the chest on full exhalation and must have a chest expansion of 5 cms

**Note:** A height of 160 cms will be sufficient for the candidates belonging to SC and ST. The above conditions regarding chest measurements will be applicable for SC/ST candidates.

(ii) **Eye sight:-**
Must be certified to possess the visual standards specified below without glasses.

| | Vision | Right Eye | Left Eye |
|---|---|---|---|
| (a) | Distant Vision | 6/6 Snellen | 6/6 Snellen |
| (b) | Near Vision | 0.5 Snellen | 0.5 Snellen |

(c) *Each eye must have a full field of vision. Colour blindness, squint or any morbid conditions of the eye or lids of either eye will be deemed to be a disqualification.*

(iii) *Must be free from apparent physical defects like knock knee, flat foot, varicose veins, bow legs, deformed limbs, irregular and protruding teeth, defective speech and hearing.*

(iv) Must qualify in any five events out of the eight events of the National Physical Efficiency One Star Standard Test, as specified below.

| *Sl. No.* | *Events* | *One Star Standards* |
|---|---|---|
| (i) | 100 Metres Run | 14 seconds |
| (ii) | High Jump | 132.20 cms |
| (iii) | Long Jump | 457.20 cms |
| (iv) | Putting the shot (weight of the shot 7264 gm) | 609.60 cms |
| (v) | Throwing cricket ball | 6096 cms |
| (vi) | Rope Climbing (Using hands only) | 365.80 cms |
| (vii) | Pull-ups or Chinning | 8 times |
| (viii) | 1500 metre run | 5 min 44 seconds |

*Note:*

*1) The physical measurement of candidates will be taken at the time of physical efficiency test and those who do not possess the prescribed physical measurement will not be admitted for the*

*physical efficiency test.* ***If accidents or injuries happen to a candidate while participating in the Physical Efficiency Test, she will not be given further chance to participate in the test.*** *The candidates should produce at the time of Physical Efficiency Test a Medical Certificate in original in the form prescribed hereunder certifying to their physical fitness and eye sight without glasses. The Medical Certificate should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon/Junior Consultant and the same shall be uploaded in the OTR Profile by the candidate prior to Certificate Verification.*

*2) The tentative schedule for physical measurement and physical efficiency test will be published in website.*

*3) NCC Cadets having 'A", 'B' & 'C' Certificates will be given weightage marks at the rate of 2%, 3% and 5% respectively as per GO(Ms)No.112/2007/H.Edn, dated 21.08.2007.*

*4) Extra marks will be awarded to meritorious sports persons as per para 6 of the General Conditions.*

*5) Students Police Cadet (SPC) certificate holders will be given weightage marks as per GO(Ms)No.06/2025/P&ARD dated 01.03.2025.*

## FORM OF MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a Assistant Surgeon/Junior Consultant]

I have this day, medically examined Sri…..................................................................... ….........................................................................................................................................(Name & Address) and found that he has no disease or infirmity which would render him unsuitable for Government Service and have capacity for outdoor work. His age, according to his own statement is …………and by appearance is …........... His standards of vision are as follows:-

**Standards of Vision**
(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv) Colour Blindness ...............................

v) Squint ...............................

vi) Any morbid condition of the eyes or lids of either eye ………………………….

vii) Whether He is free from physical defects like Knock-knee, Flat foot, Varicose vein, Bow legs, Deformed limbs, Irregular and Protruding teeth and Defective speech and hearing. …....................................................................

viii) Identification marks

1)........................................................................
2)........................................................................

He is Physically Fit for the post of Assistant Prison Officer in Prisons and Correctional Services Department.

I certify to the best of my knowledge and belief that the applicant Sri.....................................................................................................................(name & address) is the person herein above described and that the attached photograph has a reasonably correct likeness..

| Photo of the Candidate |
|---|

Signature
Name and Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date :

*(Office Seal)*

*Note: Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision Normal/good will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.*

**8. Mode of submitting application:-**

a) Candidates shall register as per ONE TIME REGISTRATION system on the Official Website of Kerala Public Service Commission **'www.keralapsc.gov.in'** for applying for the post. Candidates who have registered shall apply by logging on to their profile using their User-ID and Password. Candidates shall click on the 'Apply Now' button of the respective posts in the Notification Link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile candidates must ensure correctness of the information in their profile. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification, experience, community, age etc., have to be produced as and when called for.

**b)** If Written Test/OMR Test/Online Test is conducted as a part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone numbers registered in it.

**9. Last date of submission of applications** : **03.12.2025 Wednesday** up to 12 midnight

10. **Special Instructions to candidates**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-Creamy Layer certificate / Community Certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post.

(iii) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure 1976 shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them if they have already been appointed, or any one or more of the above.

(For details including photo, ID card etc., refer the General Conditions given in Part II of the Gazette Notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## കാറ്റഗറി നമ്പർ : 420/2025

കേരള സർക്കാർ സർവീസിൽ താഴെ പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ ആയത് തിരിച്ചറിയൽ രേഖയായി പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ്** |
| 2. | **ഉദ്യോഗപ്പേര്** | : | **അസിസ്റ്റന്റ് പ്രിസൺ ഓഫീസർ** |
| 3. | **ശമ്പളം** | : | **₹ 27,900 – 63,700/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | **പ്രതീക്ഷിത ഒഴിവുകൾ (സംസ്ഥാനതലം)** |

**കുറിപ്പ്:**

(I) ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികളും വനിതാ ഉദ്യോഗാർത്ഥികളും ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.

(ii) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ മറ്റ് അനുബന്ധ വ്യവസ്ഥകൾ എന്നിവ *06.05.2014* ലെ *G.O(P) No.89/2014/Home, 09.12.2010* ലെ *G.O(P) No.266/2010/Home 28.12.2012* ലെ *G.O(P) No. 337/2012/Home* എന്നിവ പ്രകാരമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(iii) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്ന് വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിന് ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് എഴുതി അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(iv) ഈ തസ്തികയിൽ നിയമിതനാകുന്ന ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും. നിയമിതരാകുന്നവർ വകുപ്പ് മേധാവിയുടെ നിർദ്ദേശാനുസരണം ഇൻ സർവ്വീസ് ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതാണ്. കേരള ജയിൽ സബോർഡിനേറ്റ് ഓഫീസേഴ്സ് പരീക്ഷ ഇതിനകം വിജയിച്ചിട്ടില്ലാത്തപക്ഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ തന്നെ അവർ പ്രസ്തുത പരീക്ഷ വിജയിക്കേണ്ടതാണ്. വാർഡർ എസ്റ്റാബ്ലിഷ്മെന്റിൽ മറ്റ് തസ്തികകളിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനായി സംസ്ഥാനതല സീനിയോറിറ്റി ലിസ്റ്റ് സൂക്ഷിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (സംസ്ഥാനതലത്തിൽ).

**6. പ്രായപരിധി** : **18-36** ഉദ്യോഗാർത്ഥികൾ 02.01.1989 നും 01.01.2007 -നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

കുറിപ്പ്:

(I) പട്ടികജാതി / പട്ടിക വർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റ് പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പൊതു വ്യവസ്ഥകളിലെ ഭാഗം 2(1) പ്രകാരം നിയമാനുസൃത വയസിളവുണ്ടായിരിക്കും.

(II) യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് വിജ്ഞാപനത്തിന്റെ പാർട്ട് II പൊതുവ്യവസ്ഥകൾ ഖണ്ഡിക 2 നോക്കുക (2(1) ഒഴികെ.

**7. യോഗ്യതകൾ :**

(a) <u>വിദ്യാഭ്യാസ യോഗ്യത</u>:

എസ്.എസ്.എൽ.സി പരീക്ഷയോ തത്തുല്യമായ പരീക്ഷയോ ജയിച്ചിരിക്കണം.

1) ഈ തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന് **KS & SSR Part II Rule 10(a) (II)** ബാധകമാണ്

2) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

(b) <u>ശാരീരിക യോഗ്യതകൾ :</u>

(I) കുറഞ്ഞത് 165 സെ.മീ ഉയരവും പൂർണ്ണ ഉച്ഛ്വാസത്തിൽ കുറഞ്ഞത് 81.3 സെ.മീ നെഞ്ചളവും 5 സെ.മീ നെഞ്ച് വികാസവും.

**കുറിപ്പ്**- പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് 160 സെ.മീ ഉയരം മതിയാകും. എന്നാൽ നെഞ്ചളവിനെ സംബന്ധിച്ചുള്ള മേൽ വ്യവസ്ഥകൾ അവർക്കും ബാധകമാണ്.

(ii) കാഴ്ചശക്തി:

താഴെ പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | കാഴ്ച | <u>വലതുകണ്ണ്</u> | <u>ഇടതു കണ്ണ്</u> |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

(സി) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

*(iii)* മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് *(മുൻ പല്ല്)*, ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ ഉണ്ടായിരിക്കരുത്.

(iv) വൺ സ്റ്റാർ നിലവാരത്തിലുള്ള നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| <u>ക്രമ നമ്പർ</u> | <u>ഇനങ്ങൾ</u> | <u>വൺ സ്റ്റാർ നിലവാരം</u> |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 കി.ഗ്രാം ഭാരമുള്ളത്) | 609.60 സെ.മീ |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7. | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

<u>കുറിപ്പ്:</u> **I)** ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷ സമയത്ത് താഴെ കൊടുത്തിട്ടുള്ള ഫോറത്തിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ സമയത്ത് ഹാജരാക്കേണ്ടതാണ്. കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധനയ്ക്ക് മുമ്പായി പ്രൊഫൈലിൽ ***Upload*** ചെയ്യേണ്ടതുമാണ്.

***II)*** ശാരീരിക അളവെടുപ്പ്, കായികക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്

**III**) 21.08.2007 തീയതിയിലെ GO(Ms)No.112/2007/H.Edn നമ്പർ സർക്കാർ ഉത്തരവ് പ്രകാരം എൻ.സി.സി. 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള കേഡറ്റുമാർക്ക് യഥാക്രമം 2%, 3%, 5% വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

**IV**) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

**V**) 01.03.2025 തീയതിയിലെ GO(Ms)No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതാണ്.

## FORM OF MEDICAL CERTIFICATE

**[to be obtained from a Medical Officer not below the rank of a Assistant Surgeon/Junior Consultant]**

I have this day, medically examined Sri…............................................................ …............................................................................................................................ ......................(Name & Address) and found that he has no disease or infirmity which would render him unsuitable for Government Service and have capacity for outdoor work. His age, according to his own statement is …………and by appearance is …........... His standards of vision are as follows:-

**Standards of Vision**

(without glasses)

| | | Right Eye | Left Eye |
|---|---|---|---|
| i. | Distant Vision | …..........Snellen | …......... Snellen |
| ii. | Near Vision | …..........Snellen | …......... Snellen |

iii. Field of Vision ....................

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv. Colour Blindness ...............................

v. Squint ...............................

vi. Any morbid condition of the eyes or lids of either eye …………………

vii. Whether he is free from physical defects like Knock-knee, Flat foot, Varicose vein, Bow legs, Deformed limbs, Irregular and Protruding teeth and Defective speech and hearing. ….........................................

viii. IDENTIFICATION MARKS

I)........................................................

2)........................................................

he is Physically Fit for the post of Assistant Prison Officer in Prisons and Correctional Services Department.

I certify to the best of my knowledge and belief that the applicant Sri.......................................................................................................................(name & address) is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name and Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date :

*(Office Seal)*

**കുറിപ്പ്:**

കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ “നോർമൽ”/“ഗുഡ്” മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ *(Better/Worse Stantards of Vision)* ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8. അപേക്ഷ സമർപ്പിക്കേണ്ട രീതി:**

(a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link–ലെ Apply Now –ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിക്ക് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link–ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(b) ഈ തീരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പറിലും നൽകുന്നതാണ്.

**9.** അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **: 03.12.2025 ബുധനാഴ്ച** രാത്രി 12 മണി വരെ

**10. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(A) ഉദ്യോഗാർത്ഥി എസ്.എസ്.എൽ.സി. ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ ജാതി / സമുദായം അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം റവന്യൂ അധികാരി നൽകുന്ന നോൺക്രീമിലെയർ / ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(B) ഉദ്യോഗാർത്ഥി ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിയ്ക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ / ക്രിമിനൽ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്".

**(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്തിൽ ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക.)**

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ